LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എസ്&ബി) സാമൂഹ്യക്ഷേമ വകുപ്പ് വഴി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കുമായി നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗത്തിലെ സ്ത്രീകൾക്കും കുട്ടികൾക്കും അംഗൻവാടികൾ മുഖേന പോഷകാഹാരം നൽകിവരുന്നതു കൂടാതെ 'സബല' പദ്ധതി പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ട കൗമാരക്കാരായ കുട്ടികൾക്ക് അംഗൻവാടി കേന്ദ്രങ്ങൾ മുഖേന പോഷകാഹാരം നൽകിവരുന്നു. പ്രസ്തുത പദ്ധതികൾക്കായി 50 ശതമാനം തുക കേന്ദ്രസർക്കാർ അനുവദിക്കുന്നുണ്ട്.

2. വനിതാ വികസന കോർപ്പറേഷൻ വഴി പട്ടികജാതി വിഭാഗത്തിലെ വനിതകൾക്കായി കുറഞ്ഞ നിരക്കിൽ സ്വയം തൊഴിൽ പദ്ധതികൾക്കായി വായ്പ നൽകിവരുന്നു. വായ്പാ പദ്ധതി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ദേശീയ പട്ടികജാതി വികസന ധനകാര്യ കോർപ്പറേഷന്റെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്.

3. വനിതാ കമ്മീഷനിൽ പട്ടികജാതി, പട്ടികവർഗ്ഗ സ്ത്രീ എന്ന പരിഗണന ലഭിക്കുന്ന പദ്ധതി ഡി.എൻ.എ. ടെസ്റ്റ് ആണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വർക്കും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കും സൗജന്യമായി ഡി.എൻ.എ. ടെസ്റ്റ് ചെയ്തു കൊടുക്കുന്നു.

ഡിസെബിലിറ്റി സർവ്വേ

277 (3257) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് വൈഡ് ഡിസെബിലിറ്റി സർവ്വേ നടത്താൻ 2014-15 ബഡ്ജറ്റിൽ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഈ പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത സർവ്വേ നടത്തിയിട്ടുണ്ടോ ; ഇതിനായി എത്ര തുക ചെലവഴിച്ചു ;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കാനാകാതെ പോയ സാഹചര്യം വിശദീകരിക്കാമോ ;

(ഡി) സ്റ്റേറ്റ് വൈഡ് ഡിസെബിലിറ്റി സർവ്വേയുമായി മുന്നോട്ട് പോകാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സെൻസസിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സെൻസസിന്റെ മുന്നോടിയായി തിരുവനന്തപുരം ജില്ലയിലെ ആര്യനാട് ഗ്രാമപഞ്ചായത്തിൽ ഒരു പൈലറ്റ് സെൻസസ് പൂർത്തിയാക്കിയിട്ടുണ്ട്. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലും കൊല്ലയിൽ ഗ്രാമപഞ്ചായത്തിലും രണ്ടാം പൈലറ്റ് സെൻസസ് നടന്നുവരുന്നു. 28-2-2015 വരെ സെൻസസ് പ്രവർത്തനങ്ങൾക്കായി 7,56,052 രൂപ ചെലവായിട്ടുണ്ട്.

(സി) കേരളത്തിലെ എല്ലാ വീടുകളും ഉൾക്കൊള്ളിച്ചുള്ള ബൃഹത്തായ സെൻസസ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും നടത്തുകയും രണ്ട് പൈലറ്റ് സെൻസസ് നടത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനതല സെൻസസ് 2015 ഏപ്രിൽ മാസം ആരംഭിക്കുന്നതിനുള്ള എല്ലാ മുന്നൊരുക്കങ്ങളും പൂർത്തിയായിട്ടുണ്ട്.

(ഡി) ഉണ്ട്.

സംസ്ഥാനത്തെ അംഗൻവാടികൾ

278 (3258) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര അംഗൻവാടികളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളവ എത്രയാണെന്നും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ എത്രയാണെന്നും പറയാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് എത്ര അംഗൻവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാനത്ത് എത്ര അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഉണ്ടെന്ന് വിശദമാക്കാമോ ;

(ഇ) ഇവരിൽ പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർ എത്രപേരുണ്ടെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly